# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 991 — 20/0?/2012 - ൽ മറുപടിക്ക്

### ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ:കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | ഉണ്ട്, 27/05/2009 ലെ സ.ഉ (പി) 115/09/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കംപാഷനേറ്റ് ഗ്രൗണ്ടിൽ എത്ര അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; അവരുടെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | പൊതു സ്ഥലംമാറ്റ സമയത്ത് സീനിയർ അദ്ധ്യാപകർ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത അദ്ധ്യാപകരെ മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റി നിയമിക്കുമെന്ന വ്യവസ്ഥ പ്രകാരം 26 അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. വിഷയം തിരിച്ചുള്ള കണക്ക് താഴെക്കാണും പ്രകാരമാണ്.<br>പൊളിറ്റിക്കൽ സയൻസ് - 3<br>ഹിസ്റ്ററി - 1<br>ഇക്കണോമിക്സ് - 1<br>മലയാളം - 8<br>കോമേഴ്സ് - 1<br>കെമിസ്ട്രി - 3<br>ഫിസിക്സ് - 5<br>ഹിന്ദി - 4 |
| (സി) | കംപാഷനേറ്റ് ഗ്രൗണ്ടിൽ സ്ഥലം മാറ്റം നൽകുന്നതിനുള്ള വ്യവസ്ഥകൾ അറിയിക്കുമോ? | (സി) | അനുകമ്പാർഹ സ്ഥലംമാറ്റം പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുന്നതാണ്. ആകെയുള്ള ഒഴിവിന്റെ 10% ൽ കൂടുതൽ ഇത്തരം സ്ഥലംമാറ്റങ്ങൾ നടത്താൻ പാടുള്ളതല്ല. താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് ഇത്തരം സ്ഥലംമാറ്റത്തിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നത്. |

1. അപകടം വഴിയോ ഗുരുതരമായ രോഗം മൂലമോ സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ
2. ക്യാൻസർ പോലുള്ള ദീർഘകാല ചികിത്സ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യമാകുകയും ചെയ്യുന്ന രോഗങ്ങൾ പിടിപെട്ടവർ.
3. ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ/അമ്മ തുടങ്ങി അദ്ധ്യാപിക/അദ്ധ്യാപകനെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായ രോഗങ്ങൾ പിടിപെടുകയും അധ്യാപിക/അധ്യാപകന്റെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ. (രോഗത്തിന്റെ അവസ്ഥ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കണം)
4. അനുകമ്പാർഹ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നവർ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ ഹയർ സെക്കന്ററി ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.
5. ഇത്തരം സ്ഥലംമാറ്റത്തിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരേ പരിഗണന അർഹിക്കുന്നവർ ഒന്നിലധികം ഉണ്ടാവുകയാണെങ്കിൽ അദ്ധ്യാപിക/അദ്ധ്യാപകന്റെ അതാത് സർവ്വീസ് ദൈർഘ്യം കൂടി പരിഗണിക്കുന്നതാണ്.
6. ഹയർ സെക്കന്ററി ഡയറക്ടർ ചെയർപേഴ്സണും, ഹയർ സെക്കന്ററി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മറ്റിയായിരിക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ച് മുൻഗണനാലിസ്റ്റ് തയ്യാറാക്കേണ്ടത്.

**സെക്ഷൻ ഓഫീസർ**